# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ -30 25.04.2017 ൽ മറുപടിയ്ക്ക്

## <u>പോലീസ് അതിക്രമത്തെക്കുറിച്ചുള്ള അന്വേഷണ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ</u>

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എ.പി. അനിൽ കുമാർ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. കെ.മുരളീധരൻ<br>ശ്രീ.പി.ടി. തോമസ് | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ഡി.ജി.പി. ഓഫീസിന് മുന്നിൽ നീതിതേടി വന്ന ജിഷ്ണു പ്രണോയിയുടെ അമ്മ ഉൾപ്പടെയുള്ള ബന്ധുക്കളുടെ നേരെ നടന്നതായി ആക്ഷേപമുള്ള പോലീസ് അതിക്രമത്തെക്കുറിച്ചുള്ള അന്വേഷണ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;<br><br>(ബി) അതിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണ്; | (എ) യും (ബി) യും | ഈ വിഷയവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം റേഞ്ച് ഐ.ജി. അന്വേഷണം നടത്തിയിരുന്നു. എന്നാൽ ജിഷ്ണു പ്രണോയിയുടെ അമ്മയുടെയും ബന്ധുക്കളുടെയും ആവശ്യം പരിഗണിച്ച്, സർക്കാർ ഉത്തരവ് ജി.ഒ. (ആർ.ടി.) നം.891/2017/ആഭ്യ. തീയതി 10/04/2017 പ്രകാരം ഇതു സംബന്ധിച്ച് ഉന്നത തല അന്വേഷണം നടത്തുന്നതിന് ക്രൈം ബ്രാഞ്ച് എ.ഡി.ജി.പി. ശ്രീ.നിതിൻ അഗർവാൾ ഐ.പി.എസിനെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടില്ല. |
| (സി) അന്വേഷണ റിപ്പോർട്ട് വരുന്നതിന് മുമ്പ് തന്നെ ഇക്കാര്യത്തിൽ പോലീസിന്റെ ഭാഗത്ത് വീഴ്ചയില്ലെന്ന് മുഖ്യമന്ത്രി വിശദീകരിച്ചത് എന്ത് അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കുമോ; | (സി) | അതുവരെ ലഭ്യമായ വിവരങ്ങളിൽ നിന്നാണ് അപ്രകാരം വിശദീകരണം നൽകിയത്. ഇത് സംബന്ധിച്ച് കൂടുതൽ കാര്യങ്ങൾ വ്യക്തമാകുന്നതിന് അന്വേഷണം നടത്തുന്നുമുണ്ട്. |
| (ഡി) ഡി.ജി.പി. ഓഫീസിന് മുന്നിൽ നടന്ന സംഘർഷത്തിൽ ബാഹ്യ ഇടപെടൽ ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് തരത്തിലുള്ള ബാഹ്യ ഇടപെടലാണ് ഉണ്ടായിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ? | (ഡി) | പ്രാഥമിക അന്വേഷണത്തിൽ ജിഷ്ണുവിന്റെ ബന്ധുക്കൾക്ക് ഒപ്പം നുഴഞ്ഞു കയറിയതായി പറയപ്പെടുന്ന ചില ആളുകൾ ഗൂഢാലോചന നടത്തിയതായി വെളിവായിട്ടുണ്ട്. ഈ വിഷയത്തിൽ അന്വേഷണം കഴിഞ്ഞാൽ മാത്രമേ വിശദ വിവരങ്ങൾ അറിയുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ.